പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *424 — 29.06.2012-ൽ മറുപടിക്ക്

# കാർഷിക നിരീക്ഷണ സമിതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ<br>,, ഇ. പി. ജയരാജൻ<br>,, എ. കെ. ബാലൻ<br>,, കെ. കെ. ജയചന്ദ്രൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കർഷകർക്ക് സബ്സിഡിയും മറ്റ് ആനുകൂല്യങ്ങളും കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ കാർഷിക നിരീക്ഷണ സമിതികൾ രൂപീകരിക്കുമെന്ന 2011-12 ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;<br>(ബി) ഏതെല്ലാം മേഖലകൾ കേന്ദ്രീകരിച്ചാണ് സമിതികൾ രൂപീകരിക്കപ്പെട്ടത് എന്ന് വ്യക്തമാക്കുമോ ;<br>(സി) പ്രസ്തുത സമിതികളുടെ ഘടനയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകാമോ ; ഈ സമിതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയി ട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ? | (എ) യും (ബി) യും (സി) യും<br>സംസ്ഥാനത്തെ കർഷകർക്ക് സബ്സിഡിയും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനു വേണ്ടി മേഖലാടിസ്ഥാനത്തിൽ പ്രത്യേക സമിതി രൂപീകരിച്ചിട്ടില്ല. എന്നാൽ നിലവിൽ തന്നെ ഓരോ പഞ്ചായത്ത് തല കൃഷി ഭവനുകളിലും പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കാർഷിക വികസന സമിതി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലാതലത്തിലും ഇത്തരത്തിൽ കാർഷിക വികസന സമിതികൾ പ്രവർത്തിക്കുന്നുണ്ട്. മേൽസൂചിപ്പിച്ച രണ്ട് സമിതികളും 2011-12 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരമുള്ള കാർഷിക നിരീക്ഷണ സമിതികളുടെ ചുമതലകൾ നിലവിൽ നിർവ്വഹിക്കുന്നുണ്ട്. ഈ സാഹചര്യത്തിലാണ് പ്രത്യേക നിരീക്ഷണ സമിതികൾ രൂപീകരിക്കാതിരുന്നത്. |

സെക്ഷൻ ഓഫീസർ